I/440826/2023

"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം

നമ്പർ: DT/697/2022-A9

തീയതി: 05-08-2023

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ്- ജീവനക്കാര്യം - RPL 2022 - പരീക്ഷ തീയതികൾ ഡ്യൂട്ടിയായി പരിഗണിക്കുന്നത് സംബന്ധിച്ച്:-

സൂചന:- Director General of Training ന്റെ 26.06.2023 തീയതിയിലെ DGT-11011/26/2022-O/o DD(CFI) നമ്പർ കത്ത്

സൂചന കാണ്ടാലും. CITS (RPL) Main 2022 & Supplementary 2019 പരീക്ഷ 07.08.2023 മുതൽ ആരംഭിക്കുകയാണ്. മേൽ പരീക്ഷകൾക്ക് ആദ്യമായി (ഫസ്റ്റ് ചാൻസ്) ഹാജരാകുന്ന ജീവനക്കാർക്ക് പരീക്ഷ തീയതികൾ ഡ്യൂട്ടിയായി പരിഗണിക്കേണ്ടതാണ്. സപ്ലിമെന്ററി പരീക്ഷയ്ക്ക് ഹാജരാകുന്നവർക്ക് ഡ്യൂട്ടിയായി പരിഗണിക്കേണ്ടതില്ല.

മേൽ ജീവനക്കാർ പരീക്ഷയ്ക്കായി ഹാജരാകുന്ന സ്ഥാപനങ്ങളിൽ നിന്ന് അതാത് സ്ഥാപനമേധാവികൾ Attendance Certificate നൽ കേണ്ടതാണ്. Attendance Certificate ന്റെ അടിസ്ഥാനത്തിൽ മാത്രമെ ഹാജർ അനുവദിക്കാവൂ. കൂടാതെ, ഏതെങ്കിലും ജീവനക്കാർക്ക് ജില്ലയ്ക്ക് പുറത്ത് പരീക്ഷ കേന്ദ്രം അനുവദിച്ചിട്ടുണ്ടെങ്കിൽ, ആയതിനു ആനുപാതികമായും ദൂരം പരിഗണിച്ചും പരീക്ഷ തീയതിയുടെ മുമ്പും പിമ്പുമുള്ള ദിവസങ്ങൾ ഡ്യൂട്ടിയായി പരിഗണിക്കാവുന്നതാണ്. RPL പരീക്ഷയ്ക്ക് അർഹരായ എല്ലാ ജീവനക്കാരും പരീക്ഷ അറ്റൻഡ് ചെയ്യുന്നതായി അതാത് സ്ഥാപനമേധാവികൾ ഉറപ്പുവരുത്തേണ്ടതാണ്.

ഏതെങ്കിലും ജീവനക്കാർ പരീക്ഷ അറ്റൻഡ് ചെയ്യാതിരുന്നാൽ അവർ സ്വമേധയായി ട്രെയിനിങ്ങിൽ നിന്ന് ഒഴിവായതായി പരിഗണിക്കുന്നതാണ്. അവർക്ക് തുടർന്നുള്ള സ്ഥാനക്കയറ്റങ്ങളിൽ KSCS Rule 6 ന്റെ ആനുകൂല്യം ലഭിക്കുന്നതല്ല.

**അഡീഷണൽ ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

<u>**സ്വീകർത്താവ്:-**</u>

ബന്ധപ്പെട്ട ജീവനക്കാർ
(സ്ഥാപന മേധാവി മുഖേനെ)

<u>പകർപ്പ്:-</u>

1. ബന്ധപ്പെട്ട സ്ഥാപനമേധാവികൾ
2. കരുതൽ ഫയൽ (എ9)